ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വടക്കഞ്ചേരിയിലെ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ

1669 [2499] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരിയിലെ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ എന്നാണ് ആരംഭിച്ചത്;

(ബി) വടക്കഞ്ചേരിയിൽ ആകെ എത്ര സർവ്വീസ്സുകൾ ഓപ്പറേറ്റു ചെയ്യുന്നുണ്ട്;

(സി) വടക്കഞ്ചേരിയിൽ ഇപ്പോൾ മുടങ്ങിക്കിടക്കുന്ന ഷെഡ്യൂളുകൾ ഏതെല്ലാം?

ഉത്തരം

(എ) വടക്കഞ്ചേരി ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചത് 26–6–1985 ലാണ്.

(ബി) പതിമൂന്നു സർവ്വീസുകൾ ഓപ്പറേറ്റു ചെയ്യുന്നുണ്ട്.

(സി) ഒരു ഷെഡ്യൂളും സ്ഥിരമായി മുടക്കിയിട്ടില്ല. എന്നാൽ ബസ്സുകളുടെ കുറവുമൂലം ചിലപ്പോൾ ചില സർവ്വീസ്സുകൾ കൃത്യമായി ഓടിയ്ക്കാൻ സാധിക്കാതെ വരുന്നുണ്ട്.

കെ. എസ്. ആർ. ടി. സി. ബസ്സുകൾ

1670 [2501.] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര റൂട്ടുകളിൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ ഓടുന്നുണ്ട് അതിൽ എത്രയെണ്ണം നഷ്ടമില്ലാതെ ഓടുന്നുണ്ട്;

(ബി) എത്രയെണ്ണം നഷ്ടത്തിൽ ഓടുന്നുണ്ട്;

(സി) ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തതിനുശേഷം 31–10–1986 വരെ എത്ര റൂട്ടുകളിൽ ബസ്സുകൾ നിറുത്തി;

(ഡി) എത്ര റൂട്ടുകളിൽ പുതിയതായി ബസ്സുകൾ ഓടിച്ചു;

(ഇ) ഓടിച്ചവയിൽ എത്ര എണ്ണം നഷ്ടത്തിലുണ്ട്?

ഉത്തരം

(എ) ഇപ്പോൾ ഓടുന്ന 2321 ഷെഡ്യൂളുകളിൽ 296 ഷെഡ്യൂളുകളാണ് നഷ്ടമില്ലാതെ ഓടുന്നത്.

(ബി) 2025 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) 417 ഷെഡ്യൂളുകൾ നിറുത്തി.

(ഡി) 989 ഷെഡ്യൂളുകൾ പുതിയതായി ആരംഭിച്ചു.

(ഇ) 826 ഷെഡ്യൂളുകൾ.

കിളിമാനൂർ ബസ് സ്റ്റേഷനിൽനിന്ന് സർവ്വീസ് നടത്തുന്ന ബസ്സുകൾ

1671 [2502] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ബസ് സ്റ്റേഷന്റെ നിർമ്മാണാരംഭത്തിൽ ഓപ്പറേറ് ചെയ്തിരുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ എത്രയായിരുന്നു;

(ബി) ഇപ്പോൾ അവിടെനിന്നും ഓപ്പറേറ് ചെയ്യുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ എത്ര;

(സി) ഏതെല്ലാം ഷെഡ്യൂളുകൾ റദ്ദു ചെയ്തിട്ടുണ്ടെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഷെഡ്യൂളുകൾ പുനരാരംഭിക്കുമോ?

ഉത്തരം

(എ) 16 ഷെഡ്യൂളുകൾ.

(ബി) 25 ഷെഡ്യൂളുകൾ.

(സി) വരുമാനം കുറഞ്ഞതുകൊണ്ടും ബസ്സുകളുടെ കുറവുകൊണ്ടും കിളിമാനൂർ- പാലോട് സർവ്വീസ് താൽക്കാലികമായി നിറുത്തലാക്കിയിട്ടുണ്ട്.

(ഡി) വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

പാലക്കാട്ടു നിന്ന് ഗുരുവായൂർക്ക് മാറിയ ബസ്സുകൾ

1672 [2503] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കെ. എസ്. ആർ. ടി. സി. യുടെ ഡിപ്പോയിൽ നിന്ന് ഇപ്പോൾ നിലവിലുള്ള ഏതെങ്കിലും ബസ്സുകൾ ഗുരുവായൂർ ഡിപ്പോയിലേക്ക് മാറിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പാലക്കാട്ടുനിന്ന് ഗുരുവായൂർക്ക് മാറിയ ബസ്സുകളുടെ നമ്പറും, പാലക്കാട്ടുനിന്ന് പുറപ്പെടുന്ന സമയവും വ്യക്തമാക്കുമോ;

(സി) പാലക്കാട്ടുനിന്ന് ബസ്സുകൾ ഗുരുവായൂർക്ക് മാറുവാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഡി) പാലക്കാട്ടുനിന്ന് ഗുരുവായൂർക്ക് എന്നാണ് ബസ്സുകൾ മാറിയത്?

LIBRARY ARCHIVES Kerala Legislative Assembly